

ഇന്നലെ രാവിലെ പെയ്ത കനത്ത മഴയിൽ തേവര വെണ്ടുരുത്തി പാലത്തിന് സമീപം റോഡിൽ വെള്ളം നിറഞ്ഞപ്പോൾ. വെള്ളക്കെട്ടിനെത്തുടർന്ന് പ്രദേശത്ത് മണിക്കൂറുകളോളം ഗതഗതക്കുരുക്ക് അനുഭവപ്പെട്ടു.

# കെഎസ്ആർടിസിയും പിൻവലിഞ്ഞു; പുത്തൻവേലിക്കരയ്ക്കു യാത്രാദുരിതം

**പറവൂർ:** തീരദേശ മേഖലയായ പുത്തൻവേലിക്കര പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നിർമിച്ച സ്റ്റേഷൻകടവ് - പഴമ്പിള്ളിതുരുത്ത് പാലത്തിലൂടെ ബസ് സർവീസുകൾ വീണ്ടും അനുവദിക്കണമെന്ന ആവശ്യം ശക്തമായി.

ഏഴുവർഷത്തെ കാത്തിരിപ്പിനൊടുവിൽ കഴിഞ്ഞ വർഷം ജൂണിലാണ് പാലം ഗതാഗതത്തിനായി തുറന്നത്. അടുത്ത ദിവസം മുതൽ തന്നെ കെഎസ്ആർടിസി ബസുകൾ ഇതുവഴി മാളയിലേക്കും തിരികെ എറണാകുളത്തേക്കും സർവീസ് തുടങ്ങിയിരുന്നു.

പാലം വഴി പറവൂരിൽ നിന്ന് മാളയിലേക്ക് സ്വകാര്യബസുകൾക്ക് പെർമിറ്റ് അനുവദിക്കുമെന്നു പ്രഖ്യാപനമുണ്ടായിരുന്നുവെങ്കിലും നടന്നില്ല. എന്നാൽ മൂന്ന് കെഎസ്ആർടിസി ബസുകൾ ഏതാനും മാസങ്ങൾ മാത്രമാണ് സർവീസ് നടത്തിയത്. പറവൂർ ഡിപ്പോയിൽ നിന്ന് അനുവദിച്ചിരുന്ന സർവീസുകളും നിലച്ചിട്ട് മാസങ്ങളായി.

താലൂക്ക് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ ഉൾപ്പെടെ പ്രധാനപ്പെട്ട എല്ലാ ഓഫീസുകളും പറവൂരിലായതിനാൽ പുത്തൻവേലിക്കര നിവാസികൾ വിവിധ ആവശ്യങ്ങൾക്ക് നിത്യേന പറവൂരിൽ എത്തിച്ചേരണം. പാലത്തിലൂടെ സർവീസ് ആരംഭിച്ചാൽ ആറ് കിലോമീറ്റർ മാത്രം ദൂരമുള്ള പറവൂരിൽ എത്തുന്നതിനുള്ള സൗകര്യമുള്ളപ്പോൾ പഞ്ചായത്തിന്റെ വടക്കൻ മേഖലകളിൽ താമസിക്കുന്നവർ മാഞ്ഞാലി പാലം വഴി ചുറ്റി പതിനേഴ് കിലോമീറ്ററോളം സഞ്ചരിച്ചാൽ മാത്രമേ പറവൂരിൽ എത്താൻ കഴിയൂ.

23 കോടി രൂപ ചെലവഴിച്ച് നിർമിച്ച പാലത്തിന്റെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ലഭിക്കണമെങ്കിൽ ഇതുവഴി സർവീസുകൾ ആരംഭിക്കുന്നതിന് ഉടൻ നടപടി സ്വീകരിക്കണമെന്നാണ് നാട്ടുകാർ ആവശ്യപ്പെടുന്നത്.

# പട്ടിമറ്റത്തിനുവേണം സിവിൽ സ്റ്റേഷൻ; നാട്ടുകാർ പ്രക്ഷോഭത്തിലേക്ക്

**കിഴക്കമ്പലം:** പട്ടിമറ്റത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ ഓഫീസുകൾ വെറുതെ കിടക്കുന്ന പുറമ്പോക്കു ഭൂമിയിൽ കെട്ടിടം നിർമിച്ച് സിവിൽ സ്റ്റേഷൻ സംവിധാനത്തിൽ പ്രവർത്തിക്കണമെന്ന ആവശ്യം ശക്തമാകുന്നു. ഇതിനായി പട്ടിമറ്റം ജംഗ്ഷനു സമീപം നീലിമലയിലെ പുറമ്പോക്കു ഭൂമി പ്രയോജനപ്പെടുത്തണമെന്നും നാട്ടുകാർ പറഞ്ഞു.

വൈദ്യുതി ബോർഡ്, ക്ഷീര കർഷക ഓഫീസ് തുടങ്ങിയവ വർഷങ്ങളായി വാടക കെട്ടിടത്തിലാണെങ്കിലും വില്ലേജ് ഓഫീസ്, കൃഷി ഓഫീസ്, സർക്കാർ ഗസ്റ്റ് ഹൗസ്, ഫയർ സ്റ്റേഷൻ, സർക്കാർ ആശുപത്രി, വാട്ടർ അതോറിറ്റി ഓഫീസ് എന്നിവയെല്ലാം നീലിമലയിലാണ് പ്രവർത്തിക്കുന്നത്. ഈ ഓഫീസുകളെല്ലാം ജനങ്ങളുടെ സൗകര്യത്തിനായി സിവിൽ സറ്റേഷൻ സംവിധാനത്തിൽ പ്രവർത്തിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

ഇപ്പോൾ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർ വിവിധയിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ അന്വേഷിച്ചു നടക്കേണ്ട ഗതികേടിലാണ്. പട്ടിമറ്റം പഞ്ചായത്ത് രൂപീകരണം സർക്കാർ പരിഗണനയിലിരിക്കെ പഞ്ചായത്ത് ഓഫീസും നീലിമലയിൽ സ്ഥാപിക്കാനാകും. കുന്നത്തുനാട് പഞ്ചായത്തിന്റെ പരിധിയിലുള്ള പട്ടിമറ്റം പ്രദേശത്തുള്ളവർക്ക് സ്വന്തം പഞ്ചായത്തോഫീസിൽ എത്തണമെങ്കിൽ കിഴക്കമ്പലം വഴി ഒമ്പത് കിലോമീറ്റർ ചുറ്റി സഞ്ചരിക്കണം.

# ചെല്ലാനം ജിയോട്യൂബ് കടൽഭിത്തി നിർമാണം: കരാറുകാരന് ഹൈക്കോടതി സമയം നീട്ടിനല്കി

**പള്ളുരുത്തി:** ചെല്ലാനം ജിയോട്യൂബ് കടൽഭിത്തി നിർമാണത്തിൽ നിലവിലെ കരാറുകാരനെ ഒഴിവാക്കി പുതിയ ടെൻഡർ വിളിക്കാനുള്ള ജലസേചനവകുപ്പിന്റെ നീക്കത്തിന് തിരിച്ചടി. നിലവിലെ കരാറുകാരന് നിർമാണം പൂർത്തിയാക്കാൻ ആറുമാസം സമയം നീട്ടി നൽകാൻ ഹൈക്കോടതി നിർദേശം നൽകി.

ഒന്നര വർഷം മുമ്പ് ആരംഭിച്ച ജിയോ ട്യൂബ് കടൽഭിത്തി നിർമാണം പൂർത്തിയാക്കാൻ ടെൻഡർ ഏറ്റെടുത്ത കരാറുകാരന് സാധിച്ചിരുന്നില്ല. ഈ ഘട്ടത്തിൽ ജലസേചന വകുപ്പ് കരാറുകാരനെ നിർമാണ പ്രവർത്തനങ്ങളിൽനിന്ന് ഒഴിവാക്കിയിരുന്നു.

ജൂലൈ ആദ്യവാരം കടൽഭിത്തി നിർമാണത്തിനായി പുതിയ ടെൻഡർ വകുപ്പ് ക്ഷണിച്ചു. ഇതിനെതിരേയാണ് കരാറുകാരൻ ഹൈക്കോടതിയെ സമീപിച്ചത്. നഷ്ടങ്ങളുടെ കണക്കുകളും ജിയോട്യൂബ് നിറക്കാൻ മണലിന്റെ ലഭ്യതക്കുറവും കരാറുകാരൻ കോടതിയിൽ ചൂണ്ടിക്കാട്ടി. നിർമാണം തീർക്കുന്നതിനായി കൂടുതൽ സമയംവേണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്ന് കരാർ നീട്ടി നൽകാൻ കോടതി നിർദേശിക്കുകയായിരുന്നു.

വിഷയത്തിൽ ഇറിഗേഷൻ വകുപ്പിന്റെ അഭിഭാഷകൻ നിലവിലെ കരാറുകാരന് സമയം നീട്ടി നൽകുന്നതിൽഎതിർപ്പില്ലെന്ന് അറിയിച്ചിരുന്നു. ആറുമാസത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കിയില്ലെങ്കിൽ കരാറുകാരനോട് രണ്ടു ലക്ഷം രൂപ പിഴയായി അടയ്ക്കണമെന്നു കോടതി നിർദേശിച്ചിട്ടുണ്ട്.

നിർമാണത്തിലെ അപാകതയുടെ പേരിൽ കരാറുകാരനെ ഒഴിവാക്കുകയും പിന്നീട് പുതിയ ടെണ്ടർ ക്ഷണിക്കുകയും ചെയ്ത ജലസേചനവകുപ്പു തന്നെയാണ് കോടതിയിൽ കരാറുകാരന് തുടരുന്നതിന് എതിർപ്പില്ലെന്നറിയിച്ചത്.

ചെല്ലാനത്ത് 1100 മീറ്ററിൽ അഞ്ചിടങ്ങളിലാണ് കടൽഭിത്തി തകർന്ന് കിടക്കുന്നത്. ബസാർ, കമ്പിനിപ്പടിവേളാങ്കണ്ണി, വാച്ചാക്കൽ, ചെറിയകടവ് തുടങ്ങിയ സ്ഥലങ്ങളിലാണ് ജിയോട്യൂബ് ഭിത്തി നിർമാണം നടത്താനുള്ളത്. വേളാങ്കണ്ണി പ്രദേശത്ത് ജിയോട്യൂബ് നിർമാണം പാതിവഴിയിൽ നിലച്ചു കിടക്കുകയാണ്. കടലിൽ നിന്ന് മണ്ണെടുക്കുന്നതിന് ശേഷിയുള്ള ഡ്രഡ്ജറുകൾ കരാറുകാർക്ക് ഇല്ലാത്തതായിരുന്നു കടൽഭിത്തി നിർമാണം നിലച്ചു പോകാൻ കാരണമായത്.



കൊച്ചിയിലെത്തിയ നാവികസേന തലവൻ അഡ്മിറൽ കരംബീർ സിംഗിനെ ദക്ഷിണ നാവികസേന വൈസ് അഡ്മിറൽ എ.കെ. ചൗള സ്വീകരിക്കുന്നു.

# നാവികസേന തലവൻ കൊച്ചിയിലെത്തി

**കൊച്ചി:** നാവികസേന തലവൻ അഡ്മിറൽ കരംബീർ സിംഗ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി കൊച്ചിയിലെത്തി. ദക്ഷിണ നാവിക സേന വൈസ് അഡ്മിറൽ എ.കെ. ചൗള സ്വീകരിച്ചു. 50 അംഗങ്ങളുടെ ഗാർഡ് ഓഫ് ഹോണർ നൽകിയായിരുന്നു സ്വീകരണം.

നാവിക ആസ്ഥാനത്തെ വിവിധ പരിശീലന കേന്ദ്രങ്ങൾ അദ്ദേഹം സന്ദർശിക്കുകയും ദക്ഷിണ നാവിക സേനയിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ഐഎൻഎസ് ദ്രോണാചാര്യയും നേവൽ മാരിടൈം മ്യൂസിയവും അദ്ദേഹം ഇന്നു സന്ദർശിക്കും.

## ഫിഷറീസ് ഉദ്യോഗസ്ഥരുടെ അനാസ്ഥ

# ബോട്ടുകൾക്ക് പെർമിറ്റ് പുതുക്കി നല്കുന്നില്ല

**ചെറായി:** മത്സ്യബന്ധന ബോട്ടുകൾക്ക് പെർമിറ്റ് പുതുക്കി നൽകുന്നതിലും പുതിയ ബോട്ടുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതിലും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കുന്നതായി മുനമ്പം യന്ത്രവൽകൃത മത്സ്യബന്ധന പ്രവർത്തകസംഘം ആരോപിച്ചു.

ട്രോളിംഗ് നിരോധനത്തിനു ശേഷം കടലിൽ പോകാനിരിക്കുന്ന മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികളും ഫിഷറീസ് വകുപ്പ് പട്രോളിംഗ് ഉദ്യോഗസ്ഥരും തമ്മിൽ ഇക്കാര്യത്തിൽ സംഘർഷമുണ്ടാകുമെന്ന് സംഘം ഭാരവാഹികൾ മുന്നറിയിപ്പ് നൽകി.

ബോട്ടുകളുടെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഒട്ടേറെ വിഷയങ്ങൾ പരിഹരിക്കപ്പെടാനുണ്ട്. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാമെന്ന് മന്ത്രി ഉറപ്പ് നൽകിയിട്ടും ഇതിലൊന്നും ഇതുവരെ നടപടികളാരംഭിച്ചിട്ടില്ലന്നാണ് സംഘത്തിന്റെ ആരോപണം. ഈ മാസം 31നുശേഷം ബോട്ടുകളെല്ലാം കടലിൽ പോകാൻ തയാറെടുപ്പുകൾ നടന്നുവരികയാണ്. ഇവയിൽ പല ബോട്ടുകൾക്കും ഫിഷറീസ് വകുപ്പ് പെർമിറ്റ് പുതുക്കി നൽകിയിട്ടില്ല. മാത്രമല്ല നിർമാണം കഴിഞ്ഞിറങ്ങിയ നിരവധി ബോട്ടുകൾ വേറെയുമുണ്ട്. ഇവയ്ക്കും ഉദ്യോഗസ്ഥർ പെർമിറ്റ് നൽകുന്നില്ല.

പുതിയ ബോട്ടുകൾക്കുള്ള പെർമിറ്റ് ജൂൺ മാസത്തിൽ നൽകാമെന്നായിരുന്നു ഫിഷറീസ് മന്ത്രി ബോട്ടുടമകളുടെ യോഗത്തിൽ നൽകിയ ഉറപ്പ്.

മത്സ്യബന്ധന ബോട്ടുകൾക്കുള്ള പെർമിറ്റ് ഫീസ് 5,000 രൂപയിൽനിന്ന് അരലക്ഷമാക്കി ഉയർത്തിയ നടപടിയുൾപ്പെടെ മത്സ്യബന്ധന ബോട്ടുടമകൾ പരാതിപ്പെട്ട പല കാര്യങ്ങളിലും ഈ സീസൺ ആരംഭിക്കുന്നതിനു മുമ്പ് പരിഹാരം കാണാമെന്നും ഫിഷറീസ് മന്ത്രി ഉറപ്പുനൽകിയിരുന്നതാണ്.

# സബ്സിഡി തുക ലഭിക്കുന്നില്ലെന്ന് പരാതി

**കരുമാലൂർ:** പാനായിക്കുളം മേത്താനത്തിൽ പ്രവർത്തിക്കുന്ന ഏജൻസിയുടെ പരിധിയിൽ ഉപഭോക്താക്കൾക്കു പാചകവാതക സബ്സിഡി ലഭിക്കുന്നില്ലെന്ന് പരാതി. ഈ പരിധിയിൽ മാത്രം അൻപതോളം പേരുടെ സബ്സിഡി കഴിഞ്ഞ കുറേ മാസങ്ങളായി ലഭിച്ചിട്ടില്ല.

കരുമാല്ലൂർ മനയ്ക്കപ്പടി പക്കംപറമ്പിൽ സുനന്ദ ജോഷി, തോപ്പിൽ വീട്ടിൽ ഉണ്ണി എന്നിവരുടെ സബ്സിഡി കഴിഞ്ഞ ഒരു വർഷത്തോളമായി ലഭിച്ചിട്ടില്ലെന്നു പരാതിയുണ്ട്. സബ്സിഡി തുക വരുന്ന ബാങ്കിൽ അന്വേഷിച്ചപ്പോഴാണ് തുക അക്കൗണ്ടിൽ എത്താത്ത വിവരം അറിഞ്ഞത്.

ഇതു സംബന്ധിച്ചു ഇവർ പലതവണ ഏജൻസിയുമായി ബന്ധപ്പെട്ടെങ്കിലും കൃത്യമായ മറുപടി നൽകാതെ മടക്കി അയയ്ക്കുകയാണുണ്ടയത്.

# അദാലത്ത് പത്തിന്

**കളമശേരി:** കെട്ടിട നിർമാണാനുമതി അപേക്ഷ സമർപ്പിച്ചിട്ടും അനുമതി ലഭിക്കാത്തവർക്കായി ഏലൂർ നഗരസഭ 10 ന് അദാലത്ത് നടത്തുന്നു.

## ഏലൂരിൽ

# സൗജന്യ കുടിവെള്ള പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കൾ

**കളമശേരി:** 2006 മുതൽ നിലവിലുള്ള സൗജന്യ കുടിവെള്ള പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തണമെന്ന ആവശ്യവുമായി ഏലൂർ നഗരസഭ പുതുക്കിയ പട്ടിക മലിനീകരണ നിയന്ത്രണ ബോർഡിനും വാട്ടർ അഥോറിറ്റിക്കും കൈമാറി. നഗരസഭാ ഹാളിൽ നടന്ന ചടങ്ങിൽ ചെയർപേഴ്സൺ സി. പി. ഉഷയാണ് ഉദ്യോഗസ്ഥർക്ക് 3000 കുടുംബങ്ങളുടെ പേരുകൾ അടങ്ങുന്ന രജിസ്റ്ററുകൾ കൈമാറിയത്.

സ്ഥിരം സമിതിയധ്യക്ഷർ, കൗൺസിലർമാർ, നഗരസഭ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. സിജി ബാബു നഗരസഭാധ്യക്ഷ ആയിരിക്കുമ്പോൾ മൂന്നു വർഷം മുമ്പ് ആരംഭിച്ച സർവേയുടെ അടിസ്ഥാനത്തിലാണ് പുതിയ പട്ടിക തയാറാക്കിയത്.

ഏലൂർ നഗരസഭ 1, 2, 3, 4, 5, 6, 29, 30, 31 വാർഡുകളിലാണ് സൗജന്യമായി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നത്. സുപ്രീംകോടതി നിരീക്ഷണ സമിതിയുടെ നിർദേശപ്രകാരം 2006 മുതൽ ഏലൂരിലെ മലിനീകരണ മേഖലകളിൽ താമസിക്കുന്ന 2144 കുടുംബങ്ങൾക്ക് വ്യവസായ ശാലകളുടെ ചെലവിലാണ് സൗജന്യമായി കുടിവെള്ളം നൽകുന്നത്.



സൗജന്യ കുടിവെള്ള പദ്ധതിയിലെ പുതുക്കിയ ഗുണഭോക്താക്കളുടെ പട്ടിക മലിനീകരണ നിയന്ത്രണ ബോർഡിനും വാട്ടർ അഥോറിറ്റിക്കും ഏലൂർ നഗരസഭ ചെയർപേഴ്സൺ സി. പി. ഉഷ കൈമാറുന്നു

വ്യവസായമേഖലയിൽ മലിനീകരണം കാരണം ഈ മേഖലയിലെ കുടിവെള്ള സ്രോതസുകൾ മലിനമായെന്ന പഠനത്തിന്റെ അടിസ്ഥാനത്തിലാണ് സുപ്രീം കോടതിയുടെ നിർദ്ദേശം നടപ്പിലായത്. എന്നാൽ പുതിയതായി താമസം തുടങ്ങിയവർ ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നില്ല.

ചില സ്ഥലങ്ങളിൽ വീടുകൾ ഇല്ലാതായി. ഇതെല്ലാം പരിഗണിച്ച് 2869 പേരുടെ ലിസ്റ്റാണ് തയാറാക്കിയിരിക്കുന്നത്. ഭാവിയിൽ വീടുകൾ വരാനുള്ളവരുടേയും പേരുകൾ ചേർത്താൽ 3000 ആയി ഉയരും. ഈ പട്ടികയാണ് പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന് ഇന്നലെ സമർപ്പിച്ചത്.

കുടിവെള്ള വിതരണത്തിന് വേണ്ട ചെലവ് പ്രതിമാസം 5 ലക്ഷം രൂപ വീതം എച്ച്ഐഎൽ, ഐആർഇ, മെർക്കം, എഫ്എസിടി എന്നീ കമ്പനികളാണ് തുല്യമായി വഹിക്കേണ്ടത്. ഫാക്ടാണ് കുടിവെള്ള വിതരണത്തിന്റെ ചുമതല വഹിച്ചിരുന്നത്.



നെജ്റാൻ - കാരുകുളം റോഡ്

# കാരുകുളം- നെജ്റാൻ റോഡ് നിർമാണം എങ്ങുമെത്തിയില്ല

**കിഴക്കമ്പലം:** പാതിവഴിയിൽ നിലച്ചുപോയ റോഡ് നിർമാണം ഒരു പ്രദേശത്തെ ജനങ്ങൾക്ക് മുഴുവൻ ദുരിതമായി. പ്രാഥമിക നടപടികൾ പൂർത്തികരിച്ചെങ്കിലും തുടർ നടപടികളില്ലാത്ത കാരുകുളം- നെജ്റാൻ റോഡാണ് നാട്ടുകാരെ വലയ്ക്കുന്നത്.

കിഴക്കമ്പലം - പോഞ്ഞാശേരി റോഡിനെയും, വിലങ്ങ് - ചെമ്പറക്കി റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കാരുകുളം - നെജ്റാൻ റോഡ് അധികൃതരുടെ അനാസ്ഥയെത്തുടർന്നാണ് പൂർത്തികരിക്കാത്തതെന്ന് നാട്ടുകാർ കുറ്റപ്പെടുത്തി. വർഷങ്ങൾക്ക് മുമ്പ് ജില്ലാ പഞ്ചായത്ത് അനുവദിച്ച ഫണ്ടുപയോഗിച്ചാണ് പ്രാഥമിക നടപടികൾ പൂർത്തീകരിച്ചത്. എന്നാൽ തുടർ നടപടികൾ ആരംഭിച്ചില്ല.

മഴ ആരംഭിച്ചതോടെ റോഡിൽ മുഴുവൻ ചെളി നിറഞ്ഞ് കുളമായി കിടക്കുകയാണ്. തൂമ്പാപാടം മുതൽ കാരുകുളം വരെയും കാൽ നടയാത്രക്കാർക്ക് പോലും സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. വർഷങ്ങളായി സൈക്കിൾ യാത്രികർക്ക് പോലും ഇതുവഴി സഞ്ചരിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും നാട്ടുകാർ പറഞ്ഞു.

റോഡിന് കുറുകേ പോകുന്ന പാലത്തിന് വേണ്ടത്ര വീതിയോ കൈവരികളോ ഇല്ലാത്തത് അപകട സാധ്യതയാണ് ചൂണ്ടിക്കാണിക്കുന്നത്. പാറപ്പുറം നമസ്കാര പള്ളിയും കരുകുളം സെന്റ് മേരീസ് ചാപ്പലും ഈ റോഡിന് സമീപത്താണ് സ്ഥിതി ചെയ്യുന്നത്. റോഡിന്റെ ശോച്യാവസ്ഥക്ക് എത്രയും വേഗം പരിഹാരം കാണണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

# ലയൺസ് ക്ലബ് ഭാരവാഹികൾ

**കൊച്ചി:** ലയൺസ് ക്ലബ് ഓഫ് കൊച്ചിൻ ഇംപാക്ട് ഭാരവാഹികളായി അഡ്വ. ആന്റണി ജോയ് (പ്രസിഡന്റ്), സാദിഖ് അലി (സെക്രട്ടറി), സനോ ജേക്കബ് (ട്രഷറർ) എന്നിവർ ചുമതലയേറ്റു. സ്ഥാനാരോഹണ ചടങ്ങും സേവന പദ്ധതികളും എം.വി. ദാസ് മങ്കിടി ഉദ്ഘാടനം ചെയ്തു.




അഡ്വ. ആന്റണി ജോയ് (പ്രസിഡന്റ് ) സാദിഖ് അലി (സെക്രട്ടറി)

## ഇന്നത്തെ സിനിമ

**എറണാകുളം**
**പത്മ** (Ph:2354233)
സ്ക്രീൻ 1: ലൂക്ക (12,3,6,9)
സ്ക്രീൻ 2: തമാശ (12,3, 6, 9)
**ശ്രീധർ** (Ph: 232529)
annabelle (3.15,6.15,9.15)

**ഇവിഎം കവിത** (Ph:2352777)
ഉണ്ട (11.15,2.30,6,9.15)
**സരിത** (Ph:2366183)
സിന്ദുബാദ് (12,3,6,9)
**സവിത:** അമ്മിണിപ്പിള്ള (11, 3,6 ,9)
**സംഗീത:** വകതിരിവ് (10, 6)
ഓസ്കാർ (12,3)
**കാനൂസ്:**
ലൂസിഫർ (4)
**എറണാകുളം**
**ഇടപ്പള്ളി ലുലു മാൾ**

PVR Cinemas (Ph: 8800900009)
spider-Man: Far From Home 3D
(E 9.30, 12.30, 3.30, 6.30, 9.30)
എവിടെ? ( 9.45, 4.40)
ലൂക്ക(9.45, 4.15, 10.45)
ശുഭരാത്രി( 9.45, 3.40, 9.30)
ഉണ്ട (10, 4.45, 10.30)
18ാം പടി( 10.30, 12.55, 7.25)
ഉയരെ( 11 am)
Annabelle Comes Home (E 12.20, 8.15) കക്ഷി അമ്മിണിപ്പിള്ള( 12.40, 6.30, 10.40) വൈറസ്( 12.50pm) Raatchasi(T 1.45) Article 15(H 01.50 , 07) Aladdin (E 2.45 pm) Malaal(H 4) ആൻഡ് ദി ഓസ്കാർ ഗോസ് ടു( 5.30) Shoplifters( Japanese 7.20pm) തമാശ(7.45 pm) Kabir singh(H9.50 pm) John Wick (E 10 pm)

PVR Gold (Ph: 8800900009)
Annabelle Comes Home (E 10.15 am) spider-Man: Far From Home 3D(E 10.30, 4.45, 10.30) ശുഭരാത്രി( 12.40, 7.40) ലൂക്ക(1.30, 6.50) 18ാം പടി(3.30, 10.15)

**വൈറ്റില ഗോൾഡ് സൂക്ക്**
**Q Cinemas(PH:4066333)**
കക്ഷി അമ്മിണിപ്പിള്ള (9.45, 2.50, 10.45) spider-Man: Far From Home 3D(E 10, 12.40, 5.30, 8.10) ലൂക്ക(10.10, 4, 10) ശുഭരാത്രി(10.20, 12.20, 8.15, 10.50) 18ാം പടി(1.10, 7, 10.10) Kabir singh(H1.30 pm) Annabelle Comes Home (E 3.15 pm)

**ഇടപ്പള്ളി ടോൾ**
**വനിത- വിനീത:**
ലൂക്ക (10, 12.45, 3.45, 7, 10)
അമ്മിണിപ്പിള്ള ( 10, 3.45) 3.45, 6.45)
ഉണ്ട( 4 ഷോ)
നീർമാതാളം പൂത്തകാലം (3.15)

**മരട്** Neucleus Mall - Pan Cinemas
(Ph:8089777777)

തമാശ(10.20, 3.20)
ഇഷ്ക്(12.15, 8.20)
ഒരൊന്നൊന്നര പ്രണയകഥ(12.50,5.50) ഉയരെ (5.35) ഒരു യമണ്ടൻ പ്രേമകഥ(10.40 pm)
കുട്ടിമാമ്മ(11.05pm)

**തൃപ്പൂണിത്തുറ**
**സെൻട്രൽ** (ph:2784505)
ലൂക്ക (10.30,4,9)
അമ്മിണിപ്പിള്ള (1,6.30,9)
തമാശ (8.15)
**കൊച്ചി ഇവിഎം:**
ഓസ്കാർ(11am, 11pm)
അമ്മിണിപ്പിള്ള (8.00)



ഞാറയ്ക്കൽ ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിലെ റേഡിയോ സ്റ്റേഷന്റെ ഉദ്ഘാടനം മാനേജർ സിസ്റ്റർ മേരി ശാലിനി നിർവഹിക്കുന്നു.

# എൽഎഫ്എച്ച്എസ് റേഡിയോ സ്റ്റേഷൻ ഉദ്ഘാടനം ചെയ്തു

**വൈപ്പിൻ:** സ്കൂളിലെ പഠിത്തത്തിനിടയിൽ ഉച്ചഭക്ഷണത്തിനു ശേഷമുള്ള ഇടവേളകൾ ആനന്ദപ്രദവും വിജ്ഞാനപ്രദവുമാക്കാൻ അധ്യാപകരും വിദ്യാർഥികളും ചേർന്ന് ഞാറയ്ക്കൽ ലിറ്റിൽ ഫ്ളവർ ഹൈസ്ക്കൂളിൽ റേഡിയോ സ്റ്റേഷൻ ആരംഭിച്ചു. റേഡിയോ സ്റ്റേഷന്റെ ഉദ്ഘാടനം മാനേജർ സിസ്റ്റർ മേരി ശാലിനി നിർവഹിച്ചു.

വിദ്യാർഥികൾ അവതരിപ്പിക്കുന്ന പരിപാടികളും പാട്ടുകളും എല്ലാം ഇടവേളകളിൽ ഇനി ലൈവ് ആയി നൽകും.

ഒരു പ്രത്യേക മുറിയിൽ ഇതിനായി സ്റ്റേഷൻ സ്ഥാപിച്ചിരിക്കുകയാണ്. അധ്യാപികമാരായ സിസ്റ്റർ ജിനി, സ്റ്റെല്ല എന്നിവർ സംസാരിച്ചു.

# ടോൾ പിരിവിനെതിരേ എസ്. ശർമ എംഎൽഎ

**വൈപ്പിൻ:** കണ്ടെയ്നർറോഡിലെ ടോൾ പിരിവ് സംബന്ധിച്ച് ജനപ്രതിനിധികളും സമരസമിതി നേതാക്കളുമായി ഉണ്ടാക്കിയ ധാരണ കരാറായി പ്രസിദ്ധപ്പെടുത്തണമെന്ന് എസ്. ശർമ എംഎൽഎ ആവശ്യപ്പെട്ടു. ധാരണയ്ക്ക് വിരുദ്ധമായാണ് ഇപ്പോൾ ടോൾ പിരിവ് ആരംഭിച്ചിരിക്കുന്നതെന്ന് എംഎൽഎ ആരോപിച്ചു.



പട്ടിമറ്റം കിഴക്കമ്പലം എംബി താഴത്ത് മാസങ്ങൾക്ക് മുമ്പു ഓടയ്ക്ക് വേണ്ടി താഴ്ത്തിയ കുഴി.

# ഓടകൾ സ്ലാബിട്ട് മൂടാത്തത് യാത്രക്കാർക്ക് ഭീഷണിയായി

**കിഴക്കമ്പലം:** നെല്ലാട് -മനയ്ക്കക്കടവ് റോഡ് നിർമാണവുമായി ബന്ധപ്പെട്ട് ഓടകൾ നിർമിക്കുന്നതിനായി മാസങ്ങൾക്ക് മുമ്പെടുത്ത കുഴികളിൽ സ്ലാബ് ഇട്ട് മൂടാത്തത് യാത്രക്കാർക്ക് ഭീഷണിയാകുന്നു. നൂറുകണക്കിന് വാഹനങ്ങൾ ദിനം പ്രതി കടന്നു പോകുന്ന തേക്കടി -എറണാകുളം ഹൈവേയാണിത്. റോഡ് നിർമാണം ആരംഭിച്ചപ്പോൾ തന്നെ അപാകത നാട്ടുകാർ ചൂണ്ടിക്കാണിച്ചിരുന്നു.

പുറമ്പോക്കുകൾ പൂർണമായും എടുക്കാതെയും പുതിയ ഓടകൾ നിർമിക്കുന്നതിനുപകരം പഴയ ഓടയുടെ ഉയരം കൂട്ടുകയും മുകളിൽ സ്ലാബ് ഇടുകയുമാണ് പല ഭാഗത്തും ചെയ്തിട്ടുള്ളത്. പട്ടിമറ്റം എംബി താഴത്ത് ഓടയ്ക്കുവേണ്ടി താഴ്ത്തിയ കുഴിയിൽ വീണ് വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് പതിവാണ്. ഈ ഭാഗത്ത് റോഡിന് വീതിവളരെ കുറവുമാണ്. ഓടകൾ സ്ലാബ് ഇട്ട് മൂടുകയോ പഴയ അവസ്ഥയിൽ തന്നെയാക്കുകയോ ചെയ്തില്ലെങ്കിൽ ശക്തമായ പ്രതിഷേധം സംഘടിപ്പിക്കാനൊരുങ്ങുകയാണ് നാട്ടുകാർ.

# വൈപ്പിൻകാർക്കും ടോൾ കിഴിവ് വേണമെന്ന് ആവശ്യം

**വൈപ്പിൻ:** മുളവുകാട്, കടമക്കുടി ചേരാനെല്ലൂർ പ്രദേശത്തുള്ളവർക്ക് കണ്ടെയ്നർ റോഡിൽ ടോൾ ഒഴിവാക്കിയിരിക്കുന്നതു പോലെ വൈപ്പിൻ ദീപിൽ നിന്നുള്ള വാഹനങ്ങൾക്കും ടോൾ പിരിവ് ഒഴിവാക്കണമെന്ന് ഗോശ്രീ മനുഷ്യാവകാശ സംരക്ഷണ സമിതി ജില്ലാകളക്ടറോട് ആവശ്യപ്പെട്ടു. ആസ്റ്റർ മെഡിസിറ്റി, ഏലൂർ ഇഎസ്ഐ ആശുപത്രി എന്നിവിടങ്ങളിലേക്കും കളമശേരി, ആലുവ മുതലായ പ്രദേശങ്ങളിലേക്കും വൈപ്പിൻ കരയുടെ തെക്കുഭാഗത്തുള്ളവർക്ക് പോകാനുള്ള എളുപ്പ മാർഗം കണ്ടെയ്നർ റോഡാണ്. വൈപ്പിൻ നിയോജക മണ്ഡലത്തിൽപ്പെട്ട പ്രദേശത്ത് കൂടിയാണ് കണ്ടെയ്നർ റോഡ് കടന്നുപോകുന്നത്. ടോൾ ഒഴിവാക്കാത്തപക്ഷം സമരം സംഘടിപ്പിക്കുമെന്നും സമിതി ചെയർമാൻ പോൾ ജെ. മാമ്പിള്ളി അറിയിച്ചു.

# ബഷീർ അനുസ്മരണം സംഘടിപ്പിച്ചു

**ആമ്പല്ലൂർ:** ആരക്കുന്നം സെന്റ് ജോർജസ് ഹൈസ്കൂൾ വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും ഗ്രാമീണ വായനശാലയുടെയും നേതൃത്വത്തിൽ ബഷീർ അനുസ്മരണവും ബഷീർ പുസ്തകങ്ങളുടെ പ്രദർശനവും സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ എ.പി. സുഭാഷ് ഉദ്ഘാടനം ചെയ്തു.

# വൈദ്യുതി മുടക്കം

**കൊച്ചി:** ചേരാനെല്ലൂർ സെക്ഷൻ പരിധിയിൽ ചിറ്റൂർ ക്ഷേത്രം മുതൽ കുട്ടിസാഹിബ് റോഡ് വരെ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് മൂന്നു വരെ വൈദ്യുതി മുടങ്ങും.

കോളജ് സെക്ഷൻ പരിധിയിൽ കാരക്കാട്ട് ജംഗ്ഷൻ മുതൽ മുല്ലശേരി കനാൽറേഡ് വരെ രാവിലെ ഒമ്പതു മുതൽ വൈകുന്നേരം അഞ്ച് വരെ വൈദ്യുതി മുടങ്ങും.

ഗിരിനഗർ സെക്ഷൻ പരിധിയിൽ മെട്രോജോലിയുടെ ഭാഗമായി സൗത്ത് ഓവർ ബ്രിഡ്ജ്ന് വടക്കുവശം പരിസരങ്ങളിൽ രാവിലെ ഒമ്പതു മുതൽ വൈകുന്നേരം 5.30 വരെ വൈദ്യുതി മുടങ്ങും.

എരൂർ സെക്ഷൻ പരിധിയിൽ കപ്പട്ടിക്കാവ്, സെന്റ് മേരീസ് പ്രോപ്പർട്ടീസ്, പുത്തൻകുളങ്ങര, പൾസ് നഗർ, അറക്കകടവ്, കറുകപ്പാടം,

കോഴിവെട്ടും വെളി എന്നിവിടങ്ങളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം ആറ് വരെ വൈദ്യുതി മുടങ്ങും.

## ഇന്നത്തെ പരിപാടി

എറണാകുളം: പബ്ലിക് ലൈബ്രറിയിൽഡ കേന്ദ്ര സർക്കാരിന്റെ ബജറ്റിനെക്കുറിച്ച് അവലോകന ചർച്ച. വൈകുന്നേരം 5.30-ന്.

തമ്മനം: വിനോദ ആർട്സ് ക്ലബിൽ തമ്മനം വിനോദ ആർട്സ് ക്ലബ്ബിന്റെ 63-ാം വാർഷിക പൊതുയോഗം. രാത്രി ഏഴിന്.

പാലാരിവട്ടം: ഹോട്ടൽ റിനൈ കൊച്ചിനിൽ ചൈനീസ് ഭക്ഷ്യമേള-'ചൗങ് യാങ്'. രാത്രി ഏഴിന്.

ഇടപ്പള്ളി: ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രത്തിൽ മാലി മാധവൻ നായർ അനുസ്മരണം. വൈകുന്നേരം ആറിന്.

FEDERAL BANK
YOUR PERFECT BANKING PARTNER
ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ്
രജി. ഓഫീസ്: പി. ബി. നമ്പർ 103, ഫെഡറൽ ടവേഴ്സ്, ആലുവ.
E-mail: secretarial@federalbank.co.in, Website: www.federalbank.co.in,
CIN: L65191KL1931PLC000368

**ബോർഡ് മീറ്റിങ്ങിനായുള്ള നോട്ടീസ്**

ബാങ്കിന്റെ ജൂൺ 30, 2019 വരെയുള്ള ഓഡിറ്റ് ചെയ്യാത്ത ഫിനാൻഷ്യൽ റിസൾട്ട് പരിഗണിക്കുന്നതിനായി, ബാങ്കിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ യോഗം 2019 ജൂലൈ 16-ാം തീയതി, ചൊവ്വാഴ്ച നടത്തുന്ന വിവരം ഇതിനാൽ അറിയിക്കുന്നു. ഈ നോട്ടീസ് 2015-ലെ ലിസ്റ്റിംഗ് റെഗുലേഷനുകളിലെ 29 (1) (എ) / 29(2) ക്ലോസിന് ആസ്പദമായിട്ടുള്ളതാണ്. മേൽപറഞ്ഞ അറിയിപ്പ് ബാങ്കിന്റെ വെബ്സൈറ്റായ www.federalbank.co.in-ലും, BSE-യുടെ വെബ്സൈറ്റായ www.bseindia.com-ലും, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ www.nseindia.com-ലും ലഭ്യമാണ്.

ആലുവ
05/07/2019

ദി ഫെഡറൽ ബാങ്ക് ലിമിറ്റഡിനുവേണ്ടി
(ഒപ്പ്)
ഗിരീഷ് കുമാർ ഗണപതി
കമ്പനി സെക്രട്ടറി

E1907-403582